LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 181 ബാച്ചുകൾ- 653 തസ്തികൾ അനുവദിച്ചിട്ടുണ്ട്.

(സി) 2011-12 അദ്ധ്യയന വർഷത്തിൽ അനുവദിച്ച അധിക ഹയർ സെക്കന്ററി ബാച്ചുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ച അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് 11-3-2015-ലെ സ.ഉ. (സാധാ) നമ്പർ956/15/പൊവിവ. പ്രകാരം ഉത്തരവായിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ പ്രിൻസിപ്പൽമാർക്കും ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 18-3-2015-ലെ എസിഡി സി3/42574/13/ എച്ച്എസ്ഇ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ഡി&ഇ) 2011-നുശേഷം പുതുതായി അനുവദിച്ച അധിക ഹയർ സെക്കന്ററി ബാച്ചുകളിലെ അദ്ധ്യാപർക്ക് തസ്തിക നിർണ്ണയം പൂർത്തിയായാൽമാത്രമേ വേതനം നൽകുവാൻ കഴിയുകയുള്ളൂ. തസ്തിക നിർണ്ണയം ഇതുവരെയും പൂർത്തിയായിട്ടില്ല.

അസാപ് പാഠ്യപദ്ധതി

60 (5131) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പുതുതായി തുടക്കം കുറിച്ച അസാപ് വഴി നടപ്പാക്കുന്ന പഠനപദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) അസാപ് പാഠ്യപദ്ധതി ആരംഭിച്ചതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതി എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ; ഇതുവഴി വിദ്യാർത്ഥികൾക്ക് തൊഴിൽ സാധ്യത വർദ്ധിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) അസാപ്-ന്റെ സേവനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് വി.എച്ച്.എസ്.സി. വിഭാഗങ്ങളിലേക്ക് അസാപ് വ്യാപിപ്പിച്ചിട്ടുണ്ടോ ;

(ഇ) അസാപ് പാഠ്യപദ്ധതി സംസ്ഥാനത്തു മുഴുവൻ ഹയർസെക്കന്ററി സ്കൂളുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തെരഞ്ഞെടുക്കപ്പെടുന്ന ഹയർസെക്കന്ററി സ്കൂളുകളിലെയും ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും വിദ്യാർത്ഥികൾക്കാണ് അസാപ് പദ്ധതിയിലൂടെ പ്രത്യേക തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നത്. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇൻഫർമേഷൻ ടെക്നോളജി, അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ നൈപുണ്യ മേഖല എന്നീ മേഖലകളിലാണ് കുട്ടികൾക്ക് പരിശീലനം നൽകിവരുന്നത്.

(ബി) 2012-13 വർഷത്തിലാണ് അസാപ് ആരംഭിച്ചത്. പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സ്വതന്ത്ര ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) അസാപ് പാഠ്യപദ്ധതിവഴി നിലവിലുള്ള തൊഴിലധിഷ്ഠിതമല്ലാത്ത കോഴ്സുകൾ പഠിക്കുന്നവർക്ക് കൂടി തൊഴിൽ മേഖലകളിൽ നൈപുണ്യം നേടാനുള്ള അവസരമൊരുക്കുന്നു. അസാപ്-ന്റെ ഫൗണ്ടേഷൻ മോഡ്യൂൾവഴി കുട്ടികളിൽ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്ന കഴിവ് വർദ്ധിക്കുന്നതായി കണ്ടുവരുന്നു. 2015-16 വർഷത്തിൽ വി.എച്ച്.എസ്.ഇ.-യിലേയ്ക്ക് കൂടി അസാപ് വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരികയാണ്.

(ഇ) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് എയ്ഡഡ് മേഖലയിലെ ഹയർസെക്കന്ററി സ്കൂളുകളിലും കോളേജുകളിലും വ്യാപിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം

61 (5132) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതിയുടെ പ്രയോജനം 2014-15 അദ്ധ്യയന വർഷം എല്ലാവർക്കും ലഭിച്ചിട്ടുണ്ടോ ; കണക്ക് അറിയിക്കുമോ ;

(ബി) 2015-16 അദ്ധ്യയന വർഷം യൂണിഫോം വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?